തീരുമാനം. കൂടാതെ സൗകര്യമുള്ള സ്റ്റേഷനുകളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് വാടകയ്ക്ക് നൽകുവാനും തീരുമാനിച്ചിട്ടുണ്ട്.

19 (*353) **സംസ്ഥാന നാളികേര വികസന കോർപ്പറേഷന്റെ പ്രവർത്തനം**

ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. എം. മുരളി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ നാളികേര കൃഷി വികസനത്തിനുവേണ്ടി എന്തൊക്കെ പദ്ധതികൾ നടപ്പാക്കിയെന്നു പറയുമോ;

(ബി) നാളികേര വികസന കോർപ്പറേഷന്റെ എത്ര സ്ഥാപനങ്ങൾ ഇപ്പോൾ പൂട്ടിക്കിടക്കുന്നുണ്ട്; ഏതെല്ലാം;

(സി) ഈ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് എന്തു നടപടി കൈക്കൊള്ളാനുദ്ദേശിക്കുന്നു;

(ഡി) നാളികേര വികസന കോർപ്പറേഷന്റെ പ്രവർത്തനം തൃപ്തികരമാണോ;

(ഇ) ഇതിന്റെ പ്രവർത്തനം ലാഭകരമാക്കാൻ നടപടി സ്വീകരിക്കുമോ?

കൃഷിവകുപ്പുമന്ത്രിക്കു വേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ)-(ഇ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ മുതൽമുടക്കിനേക്കാൾ അധികരിച്ച നഷ്ടം വരുത്തുകയും കോർപ്പറേഷനിലെ ജീവനക്കാർക്ക് ശമ്പളം കൊടുക്കുവാൻപോലും പണമില്ലാത്ത അവസ്ഥയിലുമായിരുന്നു. ശമ്പളം കൊടുക്കാൻ പലവുരു ഗവണ്മെന്റ് മറ്റു കമ്പനികളിൽ നിന്ന് കടം ഏർപ്പാടു ചെയ്തു കൊടുക്കേണ്ടിയും വന്നു. ഈ സ്ഥാപനത്തിന്റെ പ്രവർത്തനം കുറേക്കാലമായി പൂർണ്ണമായും നിലച്ചിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോർപ്പറേഷൻ പുനരുദ്ധരിക്കുന്നതു സംബന്ധിച്ച് പ്രസ്തുത സ്ഥാപനത്തിലെ സംഘടനാപ്രതിനിധികൾ, മാനേജ്മെന്റ് എന്നിവരുമായി പല പ്രാവശ്യം സർക്കാർ തലത്തിൽ ചർച്ച നടത്തുകയും ഇതിനു പുറമേ കോർപ്പറേഷനെ സംബന്ധിച്ച് പ്രശ്നങ്ങൾ പഠിച്ച് അത് പുനരുദ്ധരിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കേരഫെഡ് എം.ഡി. അദ്ധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സ്ഥാപനത്തിന്റെ ജംഗമ വസ്തുക്കൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന് പണയപ്പെട്ടിരിക്കുകയായിരുന്നു. സർക്കാർ നിയമപരമായി ഇടപെട്ട് ചർച്ചകളിലൂടെ ബാധ്യതയിൽ കുറവു വരുത്തി അതു കൊടുത്തു തീർത്ത് വസ്തുവകകൾ വീണ്ടെടുത്തു. ഇത്തരത്തിൽ പ്രവർത്തിച്ചു വരുന്ന കമ്പനിയിൽ വീണ്ടും കുറെ മുതൽകൂടി മുടക്കി

LIBRARY ARCHIVES Kerala Legislative Assembly

ഇതേ രീതിയിൽ മുന്നോട്ടു കൊണ്ടുപോകുന്നത് ആശാസ്യമല്ലെന്ന് കമ്മിറ്റി കണ്ടെത്തുകയും കോർപ്പറേഷൻ പിരിച്ചുവിടുന്നതിന് സർക്കാരിനെ ഉപദേശിക്കുകയും ചെയ്തു. മേൽ നിർദ്ദേശം വിശദമായ പരിശോധനയ്ക്കും പഠനത്തിനും ശേഷം സർക്കാർ അംഗീകരിക്കുകയും കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് നിയമാനുസൃതമായ നഷ്ടപരിഹാരം നൽകി കമ്പനി ലിക്വിഡേറ്റ് ചെയ്യുന്നതിന് നടപടിയെടുക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

20 (*354) ചാരായനിരോധനം

<u>ശ്രീ. ടി.എം. ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചാരായ നിരോധനം നടപ്പിലാക്കാനുള്ള ജനകീയ കമ്മിറ്റികൾ ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ജനകീയ കമ്മിറ്റികളിൽ ആരെല്ലാമാണ് അംഗങ്ങളായിട്ടുള്ളത്;

(സി) ജനകീയ കമ്മിറ്റികൾ വിളിച്ചുകൂട്ടുന്നതിനുള്ള ചുമതല ആർക്കാണ്;

(ഡി) കൃത്യമായി ജനകീയകമ്മിറ്റികൾ കൂടുന്നുണ്ടോ എന്നും അവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ടോ എന്നും ഗവണ്മെന്റ് അന്വേഷിക്കാറുണ്ടോ;

(ഇ) ചാരായനിരോധന കമ്മിറ്റികളിൽ പോലീസ് അധികൃതർ പങ്കെടുക്കാതെ ഒഴിഞ്ഞുമാറുകയാണെന്നുള്ള ആക്ഷേപം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ജനകീയ കമ്മിറ്റികൾ കൃത്യമായി കൂടുന്നതിനും അവയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി <u>(ശ്രീ. ടി. ശിവദാസമേനോൻ)</u> :

(എ) ഉണ്ട്.

(ബി) സ്റ്റേറ്റ് ലവൽ കമ്മിറ്റിയിൽ മുഖ്യമന്ത്രി ചെയർമാനും, ധനകാര്യ എക്സൈസുവകുപ്പുമന്ത്രി വൈസ്ചെയർമാനും റവന്യൂ വകുപ്പുമന്ത്രി, തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി, പ്രതിപക്ഷനേതാവ്, ജലസേചന വകുപ്പ് മന്ത്രി, ആരോഗ്യവകുപ്പുമന്ത്രി, വിദ്യാഭ്യാസ വകുപ്പുമന്ത്രി, ട്രാൻസ്പോർട്ട് വകുപ്പു മന്ത്രി, വനം വകുപ്പുമന്ത്രി എന്നിവരും ശ്രീ. കെ.എം. മാണി എം.എൽ.എ., ശ്രീ. ടി.എം. ജേക്കബ് എം.എൽ.എ., ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി എം.എൽ.എ., ശ്രീ. ആർ. ബാലകൃഷ്ണപിള്ള എം.എൽ.എ. എന്നിവരും നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ ഓരോ പ്രതിനിധികളും മെമ്പർമാരാണ് കൂടാതെ ചീഫ് സെക്രട്ടറി, ഡി.ജി.പി., എക്സൈസ് കമ്മീഷണർ, നികുതി വകുപ്പ് സെക്രട്ടറി എന്നിവരും സംസ്ഥാനതല കമ്മിറ്റിയിലെ അംഗങ്ങളാണ്. നികുതിവകുപ്പ് സെക്രട്ടറി ഈ കമ്മിറ്റിയുടെ കൺവീനർകൂടിയാണ്. ജില്ലാ കളക്ടർ, ജില്ലാ പോലീസ് സൂപ്രണ്ട്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലയിലെ എം.എൽ.എ. മാരും എം.പി. മാരും, മുൻസിപ്പൽ ചെയർമാൻമാർ, കോർപ്പറേഷൻ മേയർ, ജില്ലയിലെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ,

LIBRARY ARCHIVES Kerala Legislative Assembly